**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 441** **23-06-2026-ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് കിൻഫ്ര വ്യവസായ പാർക്ക്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** 2013 ലെ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement (RFCTLARR) Act, 30.06.2025 ലെ Circular No. Rev-B2-183/2025/Rev എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് സർക്കാർ ഭൂമി ഏറ്റെടുക്കുന്നത്.

**(ബി)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് തയ്യാറാക്കിയ സ്കെച്ച് ജില്ലാ കലക്ടർക്ക് കൈമാറി. എൽ.എ നടപടികൾ പുരോഗമിക്കുന്നു.

**(സി)** പ്രസ്തുത കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് വല്ല തടസ്സങ്ങളും നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** കിൻഫ്ര വ്യവസായ പാർക്കിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനായി 2 ലാൻഡ് അക്വിസിഷൻ ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**